# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 301

06.01.2014-ൽ മറുപടി
നൽകേണ്ടിയിരുന്നത്

### ജനപ്രതിനിധികളുടെ ജയിൽ സന്ദർശന നിയമങ്ങൾ

ചോദ്യം

ശ്രീ.എ.പ്രദീപ് കുമാർ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകൾ സന്ദർശിക്കുന്നതിന് മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്ക് നിയന്ത്രണമേർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് നിയമ വ്യവസ്ഥകൾ പ്രകാരമാണെന്ന് വെളിപ്പെടുത്താമോ; | എ) ഇല്ല |
| ബി) ജയിലുകളിലെ തടവുകാരെ ഫോണിൽ വിളിക്കാൻ മാദ്ധ്യമ പ്രവർത്തകർക്ക് അവകാശമുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ അതിന് സാവകാശം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ജയിലിലെ തടവുകാരെ മൊബൈൽ ഫോണിൽ വിളിക്കാൻ നിലവിലുള്ള ജയിൽ നിയമങ്ങൾ അനുസരിച്ച് മാധ്യമ പ്രവർത്തകർക്ക് അവകാശമില്ല. നിലവിലുള്ള നിയമം മാറ്റുവാൻ ഇപ്പോൾ ഉദ്ദേശ്യമില്ല. |
| സി) ശിക്ഷിക്കപ്പെട്ടതോ, റിമാന്റിൽ കഴിയുന്നതോ ആയ ഏതെങ്കിലും തടവുകാരനെ ഫോണിൽ വിളിച്ചതിന് ഏതെങ്കിലും മാധ്യമ പ്രവർത്തകനോ, മന്ത്രിക്കോ, മന്ത്രി പദവിയിലുള്ള ആർക്കെങ്കിലുമോ എതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ, എങ്കിൽ വിശദമാക്കാമോ; നിലവിലുള്ള കേസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) ഉണ്ട്. ഇടമലയാർ അഴിമതി കേസിൽ ബഹു. സുപ്രീം കോടതിയുടെ ശിക്ഷയ്ക്ക് വിധേയനായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിയുകയായിരുന്ന മുൻ മന്ത്രി ശ്രീ.ആർ.ബാലകൃഷ്ണപിള്ള തിരുവനന്തപുരം KIMS ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ 29.09.2011 വൈകിട്ട് 5 മണിയോടുകൂടി റിപ്പോർട്ടർ എന്ന ന്യൂസ് ചാനൽ ചീഫ് എഡിറ്ററും രണ്ടാം പ്രതിയുമായ എം.വി.നികേഷ്കുമാറിന്റെ മൊബൈൽ ഫോണിൽ നിന്ന് ന്യൂസ് ചാനൽ റിപ്പോർട്ടറായ ഒന്നാം പ്രതി പ്രദീപ് ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ മൊബൈൽ ഫോണിലേക്ക് വിളിച്ച് |

| | |
|---|---|
| | ഫോണിൽ സംസാരിക്കാൻ പ്രേരിപ്പിക്കുകയും, ടി സംഭാഷണം ഒന്നും രണ്ടും പ്രതികൾ കൂട്ടായി ആലോചിച്ച് റിക്കോർഡ് ചെയ്ത് 'റിപ്പോർട്ടർ' എന്ന ന്യൂസ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. ഇക്കാര്യം സംബന്ധിച്ച് ബാബു എന്നയാൾ എ.സി.ജെ.എം. കോടതി മുമ്പാകെ സമർപ്പിച്ച അന്യായം, ബഹു. കോടതി സി.എം.പി. 3736/11 പ്രകാരം ഫയലിൽ സ്വീകരിച്ച് u/s 156(3) Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1186/11 u/s 86 Kerala Prisons and Corrections Services (Management) Act 2010 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ കേസ് ഇപ്പോൾ അന്വേഷണത്തിലുമാണ്. |

സെക്ഷൻ ഓഫീസർ